**HADIA CSE Khutba Notes (18.01.2019)**

# സ്ത്രീ ശാക്തീകരണം മുസ്‌ലിമിന്റെ നിലപാട്

സ്ത്രീ ശാക്തീകരണം എന്നത് ഇന്ന് പലയിടത്തും കൊട്ടിഘോഷിക്കപ്പെടുന്ന കാര്യമാണ്. ശാക്തീകരണം എന്ന പദത്തിൽ തന്നെ അവൾ ദുർബലയാണെന്ന ഒരു മറുപുറമുണ്ട്. ഇത് അവളെ അപമാനിക്കുന്നതിന് തുല്യമാണ്.

അങ്ങാടിയിലേക്കിറക്കി നാലാൾക്കിടയിൽ നിർത്തി മുദ്രാവാക്യം വിളിപ്പിക്കുക, നഗ്നത വെളിവാക്കി പൊതുനിരത്തിലൂടെ നടത്തിക്കുക തുടങ്ങിയവയാണ് സ്ത്രീ ശാക്തീകരണം അജണ്ടയാക്കിയ പുരുഷൻമാരുടെ പരിഹാരക്രിയകൾ. ഇങ്ങനെ ഒരു സ്ത്രീ ചെയ്യുമ്പോഴാണ് നവോത്ഥാനം വരുന്നതെന്നാണ് ചിലർ കരുതുന്നത്. ഇത് ഒരുതരം പുരുഷപരമായ ധാരണയുടെ ഭാഗമായുണ്ടാവുന്നതാണ്. സ്ത്രീയെ നോക്കേണ്ടത് പുരുഷന്റെ കണ്ണിലൂടെയല്ല. സ്ത്രീയെക്കുറിച്ച് പുരുഷൻ സംസാരിക്കുമ്പോൾ അത് പുരുഷന്റെ കണ്ണിലൂടെ മാത്രമേ ആകൂ. സാധാരണ ഒരു കമ്പനി ഒരു ഉൽപന്നം ഇറക്കുമ്പോൾ അതിന്റെ പ്രവർത്തനരീതി അവർ തന്നെയാണ് പറയാറ്. അതുപോലെ സ്ത്രീയെ കുറിച്ച് പറയേണ്ടത് അവളുടെ നിർമാതാവായ അല്ലാഹുവാണ്. അല്ലാതെ അവളുടെ സഹജീവിയായ പുരുഷനല്ല. ഓരോ വിഭാഗത്തിനും അവരുടേതായ ഐഡന്റിറ്റിയുണ്ട്. അത് നിലനിർത്തി ഉയർച്ചയിലെത്തുമ്പോഴാണ് അവർ അവരാകുന്നത്.

ആർപ്പോ ആർത്തവമടക്കമുള്ള സമരമുറകൾ നടക്കുന്ന ഇക്കാലത്ത് ഇസ്‌ലാം നടപ്പിൽ വരുത്തിയ പ്രായോഗിക സ്ത്രീത്വത്തെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം.

പ്രയാസപ്പെട്ട ആരാധനാ കർമങ്ങളൊന്നും സ്ത്രീയെക്കൊണ്ട് ഇസ്‌ലാം നിർബന്ധിപ്പിക്കുന്നില്ല. ജമാഅത്തിന് പള്ളിയിൽ പോകേണ്ടതില്ല; എന്നാൽ അതിന്റെ പ്രതിഫലം വീട്ടിൽ നിന്ന് ലഭിക്കുന്നു. ഗർഭം ചുമക്കുന്ന സ്ത്രീക്ക് വളരെ മഹത്തായ പ്രതിഫലം അല്ലാഹു നൽകുമെന്ന് കാണാം. ഗർഭാവസ്ഥയിൽ മരണപ്പെട്ടാൽ ശഹീദിന്റെ പ്രതിഫലമുണ്ടെന്ന് തിരുനബി (സ്വ) പറഞ്ഞിട്ടുണ്ട്.

فقد ورد عدة أحاديث في فضل الحمل والوضع والرضاع ومنها:

ما رواه الطبراني في الأوسط عن أنس رضي الله عنه، أن حاضنة إبراهيم ابن النبي صلى الله عليه وسلم : قالت: يا رسول الله تبشر الرجال بكل خير ولا تبشر النساء.... فقال: أفما ترضى إحداكن أنها إذا كانت حاملاً من زوجها وهو عنها راض أن لها مثل أجر في سبيل الله، فإذا أصابها الطلق لم يعلم أهل السماء وأهل الأرض ما أخفي لها من قرة أعين، فإذا أرضعت لم يخرج منها جرعة من لبنها ولم يمص منها مصة إلا كان لها بكل جرعة وبكل مصة حسنة، فإن أسهرها ليلة، كان لها مثل أجر سبعين رقبة تعتقهن في سبيل الله ....

من حديث جابر بن عتيك أنه قال: قال رسول الله صلى الله عليه وسلم:الشهداء سبعة سوى القتل في سبيل الله: المطعون شهيد، والغريق شهيد، وصاحب ذات الجنب شهيد، والمبطون شهيد، والحرق شهيد، والذي يموت تحت الهدم شهيد، والمرأة تموت بجمع شهيد.

عن أبي هريرة قال: قال رسول الله صلى الله عليه وسلم: إذا حملت المرأة فلها أجر الصائم القائم القانت المخبت المجاهد في سبيل الله عز وجل، فإذا ضربها الطلق فلا يدري أحد من الخلائق ما لها من الأجر، فإذا وضعت فلها بكل وضعة عتق نسمة

**HADIA CSE Khutba Notes (18.01.2019)**

# സ്ത്രീ ശാക്തീകരണം മുസ്‌ലിമിന്റെ നിലപാട്

عن عبد الرحمن بن عوف قال: قال رسول الله صلى الله عليه وسلم :إذا صلت المرأة خمسها وصامت شهرها وحفظت فرجها وأطاعت زوجها قيل لها ادخلي الجنة من أي أبواب الجنة شئت.

നല്ല രീതിയിൽ ജീവിക്കുന്ന സ്ത്രീയുടെ പ്രതിഫലമാണിത്. സ്വർഗത്തിന്റെ ഏത് കവാടത്തിലൂടെയും വിളിക്കപ്പെടുക എന്നത് സ്ത്രീക്കു മാത്രമാണ് ഉറപ്പ് ലഭിച്ചിട്ടുള്ളത്. എന്നാൽ സ്വിദ്ദീഖ് (റ) തിരുനബി (സ്വ)യോട് ചോദിക്കുകയുണ്ടായി എന്നെ സ്വർഗത്തിന്റെ എട്ടു കവാടത്തിലൂടെയും വിളിക്കുമോ എന്ന്. താങ്കൾ അങ്ങനെ വിളിക്കപ്പെടമെന്നാണ് ഞാൻ ആശിക്കുന്നത് എന്നു മാത്രമായിരുന്നു തിരുനബി(സ്വ)യുടെ മറുപടി.

സുരക്ഷയടക്കമുള്ള എല്ലാ വഴികളും ശരിയായാൽ മാത്രമാണ് സ്ത്രീക്ക് ഹജ്ജും ഉംറയും നിർബന്ധമാവുന്നത്. പ്രയാസപ്പെട്ട് ജമാഅത്തിന് പള്ളിയിൽ പോകേണ്ടതില്ല, മയ്യിത്തിനെ വഹിച്ചുകൊണ്ട് ഖബർസ്ഥാനിലേക്ക് പോകേണ്ടതില്ല, ഖബറടക്കുന്ന ജോലികൾ ചെയ്യേണ്ടതില്ല, ആർത്തവ കാലത്ത് നിസ്കരിക്കേണ്ടതില്ല തുടങ്ങിയവയെല്ലാം നാം മനസ്സിലാക്കണം.

സ്വന്തം ഇണക്ക് വേണ്ടതെല്ലാം ചെയ്തു കൊടുക്കൽ ഭർത്താവിന്റെ മേൽ നിർബന്ധമാണ്. ഭക്ഷണം, വസ്ത്രം, താമസം, പരിചാരിക, സോപ്പ് മുതൽ ടൂത്ത് പിക്കർ വരെ വാങ്ങിക്കൊടുക്കണം.

وَلَهُنَّ مِثْلُ الَّذِي عَلَيْهِنَّ بِالْمَعْرُوفِ ۚ (سورة البقرة ٢٢٨)

ഭർത്താവിന് എന്തെല്ലാം ചെയ്തുകൊടുക്കേണ്ടതുണ്ടോ അതെല്ലാം അവൾക്കും അവകാശപ്പെട്ടതാണെന്ന് ഇത് മനസ്സിലാക്കിത്തരുന്നു.

يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً ۚ وَاتَّقُوا اللَّهَ الَّذِي تَسَاءَلُونَ بِهِ وَالْأَرْحَامَ ۚ إِنَّ اللَّهَ كَانَ عَلَيْكُمْ رَقِيبًا (سورة النساء ١)

കസീറൻ എന്നത് രിജാലിനോട് ചേർക്കാൻ കാരണം പൊതുരംഗത്ത് ഏറ്റവും കൂടുതൽ കാണപ്പെടുന്നത് പുരുഷൻമാരെയാണ് എന്നതുകൊണ്ടാണ്. സ്ത്രീകൾ അങ്ങനെ പുറത്ത് കാണപ്പെടുന്നവരല്ല.

حُورٌ مَّقْصُورَاتٌ فِي الْخِيَامِ (سورة الرحمن ٧٢)

ഖൈമകളിൽ കൂടുന്ന സ്ത്രീകൾ എന്ന് സുന്ദരികളുടെ അലങ്കാരമായി പറയുന്നു.

**പുരുഷൻമാർ പല കാര്യങ്ങളിലും സ്ത്രീയിൽ അവലംബിക്കേണ്ടവരാണ്.**

- ✓ പുരുഷന് സമാധാനം കിട്ടുന്നത് സ്ത്രീയിൽ നിന്നാണ്.

وَمِنْ آيَاتِهِ أَنْ خَلَقَ لَكُم مِّنْ أَنفُسِكُمْ أَزْوَاجًا لِّتَسْكُنُوا إِلَيْهَا وَجَعَلَ بَيْنَكُم مَّوَدَّةً وَرَحْمَةً ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يَتَفَكَّرُونَ (سورة الروم ٢١)

- ✓ പുരുഷന്റെ വിജയം സ്ത്രീയിലൂടെയാണ്

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : تُنْكَحُ الْمَرْأَةُ لِأَرْبَعٍ : لِمَالِهَا ، وَلِحَسَبِهَا ، وَلِجَمَالِهَا ، وَلِدِينِهَا ، فَاظْفَرْ بِذَاتِ الدِّينِ تَرِبَتْ يَدَاكَ

**HADIA CSE Khutba Notes (18.01.2019)**

# സ്ത്രീ ശാക്തീകരണം മുസ്‌ലിമിന്റെ നിലപാട്

ദീനുള്ളവളെക്കൊണ്ട് നീ വിജയിക്ക് എന്നാണ് പറയുന്നത്.

അപ്പോൾ പുരുഷന്റെ ശാന്തിയും സമാധാനവും ജീവിത വിജയവുമെല്ലാം സ്ത്രീയുടെ കൈകളിലാണുള്ളത്. സ്ത്രീക്ക് പുരുഷൻ ശാക്തീകരണം നൽകുന്നതിലും കൂടുതൽ നേരെ തിരിച്ചാണ് സംഭവിക്കുന്നത് എന്ന് സാരം.

ഇനി ഇതിന്റെ പ്രായോഗികത ചർച്ച ചെയ്യാം.

തിരുനബി (സ്വ) പ്രബോധന ദൗത്യവുമായി വന്നപ്പോൾ ആദ്യം പിന്തുണ നൽകുകയും സമാധാനിപ്പിക്കുകയും ചെയ്ത് തിരുനബി(സ്വ)യെയും ഇസ്‌ലാമിനെയും ശക്തിപ്പെടുത്തിയത് ഖദീജ ബീവിയാണ്.

..... فرجع بها رسول الله صلى الله عليه وسلم ترجف بوادره حتى دخل على خديجة فقال زملوني زملوني فزملوه حتى ذهب عنه الروع ثم قال لخديجة أي خديجة ما لي وأخبرها الخبر قال لقد خشيت على نفسي قالت له <u>خديجة كلا أبشر فوالله لا يخزيك الله أبدا والله إنك لتصل الرحم وتصدق الحديث وتحمل الكل وتكسب المعدوم وتقري الضيف وتعين على نوائب الحق</u> فانطلقت به خديجة حتى أتت به ورقة بن نوفل .....

ഖുർആനിൽ سورة التحريم ലോകത്തിന് മാതൃകയാക്കുന്നത് രണ്ടു സ്ത്രീകളെയാണ്; മർയം ബീവിയെയും ആസിയാ ബീവിയെയും.

ഇസ്‌ലാമിലെ രണ്ട് പ്രഥമ പ്രമാണങ്ങളാണ് ഖുർആനും ഹദീസും. ഇത് രണ്ടും സ്ത്രീ സാന്നിധ്യം കൊണ്ടാണ് തുടങ്ങുന്നത്.

അബൂ ഹുറൈറ (റ) കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഹദീസ് റിപ്പോർട്ട് ചെയ്തത് ആഇശ ബീവി എന്ന സ്ത്രീയാണ്. 2210 ഹദീസുകളാണ് മഹതി റിപ്പോർട്ട് ചെയ്തത്.

ഉസ്മാൻ (റ)വിന്റെ കാലത്ത് ഖുർആൻ പകർത്തിയെഴുത്ത് നടത്തിയപ്പോൾ അതിന് അവലംബിച്ചത് ഹഫ്സ്വ ബീവി (റ)യുടെ കൈയിൽ സൂക്ഷിച്ചിരുന്ന മുസ്ഹഫിനെയാണ്.

ഹദീസ് പണ്ഡിതൻ ഇബ്നു അസാകിർ (റ)ന്റെ ഗുരുക്കളിൽ 80 പേർ സ്ത്രീകളായിരുന്നു.

ഇമാം ബുഖാരിയുടെയും ഖത്വീബുൽ ബഗ്ദാദിയുടെയും ഗുരുക്കളിൽ പ്രധാനിയാണ് കരീമതുൽമർവസിയ്യ എന്ന വനിത.

താൻ മരിച്ചാൽ ആദ്യമായി മയ്യിത്ത് നിസ്കരിക്കേണ്ടത് നഫീസതുൽമിസ്‌രിയ്യയാണ് എന്നും മഹതിയുടെ അടുത്തേക്ക് എന്റെ മയ്യിത്ത് നിങ്ങൾ എത്തിക്കണം എന്നും ഇമാം ശാഫിഈ (റ) വസ്വിയ്യത്ത് ചെയ്തിരുന്നു. മാത്രവുമല്ല, ഇൽമീ ചർച്ചകൾക്ക് വേണ്ടി മഹതിയെ ഇമാം ശാഫിഈ (റ) സന്ദർശിക്കാറുമുണ്ടായിരുന്നു.

തസ്വവ്വുഫിൽ അല്ലാഹുവിലേക്ക് അടുക്കാനുള്ള മാർഗമായി *ഇശ്ഖ് മഹബ്ബത്തിനെ* കണ്ടത് റാബിഅത്തുൽഅദവിയ്യ എന്ന മഹതിയാണ്.

ലോകത്തെ ആദ്യ ഖുത്വുബ് ഫാത്വിമാ ബീവിയാണ് എന്ന് അഭിപ്രായമുള്ള പണ്ഡിതൻമാരുണ്ട്.

ലോക സഞ്ചാരിയായ ഇബ്നു ബത്വൂതയുടെ ഗുരുനാഥരിൽ മൊറോക്കയിലെ ഫാത്വിമ, ആഇശ എന്നീ രണ്ട് സ്ത്രീകളുണ്ടായിരുന്നു.

**HADIA CSE Khutba Notes (18.01.2019)**

# സ്ത്രീ ശാക്തീകരണം മുസ്‌ലിമിന്റെ നിലപാട്

ഇമാം സർകശിയുടെ الإجابة لإيراد ما استدركته عائشة على الصحابة എന്നത് ആഇശാ ബീവിയുടെ ഫിഖ്ഹീ സേവനങ്ങൾ ചർച്ച ചെയ്യുന്ന ഒരു മഹത്ഗ്രന്ഥമാണ്.

പല പണ്ഡിതന്മാരും ഹദീസ് പഠനങ്ങൾക്ക് അവലംബിച്ചത് സ്വഹാബി വനിതകളെ ആയിരുന്നു വെന്ന് ഇമാം ദഹബി അദ്ദേഹത്തിന്റെ سير أعلام النبلاء ൽ പറയുന്നു.

സഈദ് ബ്നു മുസയ്യബ് എന്ന താബിഈ പണ്ഡിതന്റെ ശിഷ്യന്മാർക്ക് പല മസ്അലകളിലും തീർപ്പ് കൊടുത്തിരുന്നത് അദ്ദേഹത്തിന്റെ മകളായിരുന്നു.

ഇബ്നു ഹജർ അൽഅസ്ഖലാനി (റ) തന്റെ تقريب التهذيب എന്ന ഗ്രന്ഥത്തിൽ 824 മഹതികളായ നവോത്ഥാന ശിൽപികളെ പരിചയപ്പെടുത്തുന്നുണ്ട്.

അൽഇസ്വാബ എന്ന ഗ്രന്ഥത്തിൽ ഇബ്നു ഹജർ (റ) 500 മഹതികളെ പരിചയപ്പെടുത്തുന്നുണ്ട്.

വീടിന്റെ അകത്തളങ്ങളിൽ ഭക്ഷണം പാചകം ചെയ്യാൻ മാത്രമുള്ളവരാണ് സ്ത്രീകളെങ്കിൽ അവരെങ്ങനെയാണ് ഇത്തരം ചരിത്രങ്ങൾ രചിക്കുക? ഇതൊന്നും പുറത്തിറക്കിയും മുദ്രാവാക്യം വിളിച്ചിട്ടും അല്ലായിരുന്നു എന്ന് നാം മനസ്സിലാക്കണം.

ഡൽഹിയിലെ ജവഹർലാൽ നഹ്റു സർവകലാശാല നടത്തിയ പഠനത്തിൽ പോലും പറയുന്നത് ഇന്നത്തെ വ്യാപകമായ ബലാൽസംഗത്തിന് കാരണം സ്ത്രീകളുടെ പുറത്തിറങ്ങിയുള്ള നടത്തമാണെന്നാണ്. സ്ത്രീകളുടെ മഹത്വമായി ഖുർആൻ പറയുന്നത് അവർ ഖൈമകളിൽ ഒതുങ്ങിക്കൂടുന്നവർ ആണെന്നാണ്. (ഹൂറുൻ മഖ്സൂറാതുൻ)

ബാഖിയാത്തിലെ ശൈഖുൽഹദീസ് ശൈഖ് ഹസൻ ഹസ്റത്തിന്റെ മാതാവ് ആഇശ ഉമ്മ (വളപ്പട്ടണം) ഉംദയും നൂറുൽഅബ്സ്വാറുമെല്ലാം ദർസ് നടത്തിയിരുന്നു.

മുഗൾ ഭരണാധികാരി ഔറംഗസീബിന്റെ മകൾ സൈഫുന്നിസ ഖുർആൻ പണ്ടിതയും ഹാഫിളതുമായിരുന്നു.

അബുൽഹസൻ നദ്‌വിയുടെ മാതാവ് ഖൈറുന്നിസ ഖുർആൻ മനഃപാഠമാക്കുകയും അധ്യാപനം നടത്തുകയും ചെയ്തിരുന്നു.

സൈനബുൽ ഗസാലി نظرات في كتاب الله എന്ന ലോകപ്രശസ്തമായ ഖുർആൻ വ്യാഖ്യാനം രചിച്ചിട്ടുണ്ട്.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പടപൊരുതിയ മൗലാനാ മുഹമ്മദലിക്കും ശൗകത്തലിക്കും പ്രോത്സാഹനം നൽകിയത് അവരുടെ മാതാവ് ആബിദാ ബീഗമായിരുന്നു.

നിസാമുദ്ദീൻ ഔലിയയുടെയും ബാബാ ഫരീദുദ്ദീൻ ഗഞ്ചശകറിന്റെയും മാതാക്കൾ വലിയ പണ്ഡിതകളായിരുന്നു.

വെളിയംകോട് തട്ടാങ്കര കുട്ട്യാമു മുസ്‌ലിയാരുടെ മകളും പാനായിക്കുളം പുതിയാപ്പിള അബ്ദുർറഹ്മാൻ മുസ്‌ലിയാരുടെ ഭാര്യയുമായിരുന്ന ഖദീജ എന്നവർ തന്റെ പിതാവിന്റെ എസ്റ്റേറ്റിലുള്ള വീട്ടിൽ വച്ച് ഫത്ഹുൽമുഈൻ ദർസ് നടത്തിക്കൊടുത്തിരുന്നു.

വിദ്യ അഭ്യസിക്കലും വൈജ്ഞാനിക വിപ്ലവം നടത്തലും പുരുഷൻമാരുടെ മാത്രം ആധിപത്യമാണെന്ന അഹങ്കാരം തിരുത്തുകയാണ് ഇസ്‌ലാമിക ചരിത്രം പരിശോധിക്കുമ്പോൾ നമുക്ക് ചെയ്യാനുള്ളത്. ഇന്ന് സഹ്റാവിയ്യ, വഫിയ്യ തുടങ്ങിയ മതപണ്ഡിതകൾ ഇത്തരം മേഖലകളിലേക്ക് കടന്നുവരുന്നത് സന്തോഷകരമാണ്.

**HADIA CSE Khutba Notes (18.01.2019)**

# സ്ത്രീ ശാക്തീകരണം മുസ്‌ലിമിന്റെ നിലപാട്

ഇമാം റാസി (റ)വിന്റെ മകൾ ഫാത്വിമ ജനങ്ങൾക്ക് ഇൽമ് പറഞ്ഞുകൊടുത്തിരുന്നുവെന്ന് അല്ലാമാ ജൗസി രേഖപ്പെടുത്തുന്നുണ്ട്.

ഉമ്മുൽ ഹകം ആഇശ (റ) വാഇള എന്ന പേരിലായിരുന്നു അറിയപ്പെട്ടിരുന്നത് എന്ന് ഇമാം ദഹബി അദ്ദേഹത്തിന്റെ സിയറു അഅ്‌ലാമിന്നുബലാഇൽ രേഖപ്പെടുത്തുന്നു.

ഹസൻ ബസ്വരി (റ)വിന്റെ മാതാവ് തിരുനബി (സ്വ)യുടെ ഭാര്യയായ ഉമ്മു സലമയുടെ വീട്ടിൽ താമസിച്ചിരുന്നു. ഇവർ സ്ത്രീകൾക്ക് ക്ലാസ് എടുക്കുമ്പോൾ വല്ലാതെ പൊട്ടിക്കരയുമായിരുന്നുവെന്ന് ത്വബഖാതുബ്നു സഅ്ദിൽ രേഖപ്പെടുത്തുന്നു.

അംറ ബിൻത് അബ്ദിർറഹ്മാൻ എന്ന താബിഅത് ബഹുമാനപ്പെട്ട ആഇശാ ബീവിയുടെ വീട്ടിൽ വളരുകയും ഹദീസിലും ഫിഖ്ഹിലും പ്രാവീണ്യം നേടുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഉമർ എന്നറിയപ്പെടുന്ന ഉമറുബ്നു അബ്ദിൽ അസീസ് (റ) ഹദീസ് ക്രോഡീകരിക്കാൻ ഇബ്നു ശിഹാബ് സുഹ്‌രിയെ ഏൽപിച്ചപ്പോൾ താങ്കൾ നിർബന്ധമായും അംറയെ സമീപിക്കണം എന്ന് നിർദേശിച്ചിരുന്നു.

ബഹുവന്ദ്യരായ ശൈഖ് രിഫാഈ (റ)വിന്റെ പുത്രി സൈനബ് ഹാഫിളയും കർമശാസ്ത്ര പണ്ഡിതയുമായിരുന്നു.

ഖാളി അബ്ദുർറഹീം എന്ന മഹാനായ ഒരു പണ്ഡിതനെയും അദ്ദേഹത്തിന്റെ ഉമ്മ അസ്ഗരീ ബീഗത്തെയും ബ്രിട്ടീഷുകാർ തൂക്കിലേറ്റിയിട്ടുണ്ട്. മാത്രമല്ല, മുസാഫർ നഗറിൽ 209 ധീരവനിതകളെ ബ്രിട്ടീഷുകാർ തൂക്കിലേറ്റിയിട്ടുണ്ട്.

അബ്ദുല്ലാഹിബ്നു സുബൈർ (റ) തന്റെ ഉമ്മ അസ്മാഅ് (റ)യോട് പടച്ചട്ട ചോദിച്ചപ്പോൾ പടച്ചട്ട അണിഞ്ഞാൽ നിനക്ക് ശഹീദാകാൻ കഴിയില്ല എന്ന് പറയുകയുണ്ടായി. അത്രക്ക് ശക്തിയും മനക്കരുത്തുമുള്ളവരായിരുന്നു സ്ത്രീകൾ.

ഇമാം ശാഫിഈ (റ)വിനോട് താങ്കൾ ഇത്ര മഹത്വത്തിൽ എത്താൻ കാരണമെന്തെന്ന് ചോദിച്ചപ്പോൾ എന്റെ ഉമ്മ എന്നെ വുളൂഓട് കൂടിയല്ലാതെ മുലയൂട്ടിയിട്ടില്ല എന്ന് പറയുകയുണ്ടായി.

ആർപോ ആർത്തവം നടത്തുന്ന ഇക്കാലത്ത് സ്ത്രീയോട് ഇസ്‌ലാം കാണിച്ച സമീപനം എന്താണെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്.

ആർത്തവകാലത്ത് സ്ത്രീ എടുത്തുകൊടുക്കുന്ന വെള്ളം ഉപയോഗിക്കാൻ പാടില്ല, ദേവാലയങ്ങളിലേക്ക് പോകുന്നവരെ ആർത്തവകാരി സ്പർശിക്കരുത്, ഭർത്താവിനൊപ്പം കിടക്കരുത് എന്നെല്ലാം ശാഠ്യം പിടിക്കുന്ന അന്ധവിശ്വാസങ്ങളും അയിത്താചാരങ്ങളും നടമാടുന്ന കാലത്താണ് നാം ജീവിക്കുന്നത്. ആർപോ ആർത്തവ സമരം നടത്തേണ്ട ഗതികേടിലാണ് ഇന്ന് നമ്മുടെ നാട്. ഇവിടെയാണ് ഞാൻ ആർത്തവകാരി ആയിരിക്കേ ഒരേ പാത്രത്തിൽ നിന്ന് തിരുനബി (സ്വ)യോടൊപ്പം കുളിച്ചിട്ടുണ്ടെന്ന ആഇശ ബീവിയുടെ ഹദീസ് പ്രസക്തമാകുന്നത്..

عن عائشة رضي الله عنها قالت : كنت أغتسل أنا ورسول الله صلى الله عليه وسلم من إناء واحد كلانا جنب ، وكان يأمرني فأتّزر فيباشرني وأنا حائض ، وكان يخرج رأسه إليّ وهو مُعتكف فأغسله وأنا حائض.

تقول السيدة عائشة رضي الله عنها: كنت أشرب وأنا حائض، ثم أناوله النبي صلى الله عليه وسلم - أي تناوله الإناء - فيضع فاه على موضع فمي فيشرب، وأتعرَّق العَرْق - أي العَظم الذي عليه بقية من لحم - وأنا حائض ثم أناوله النبي - صلى الله عليه وسلم - فيضع فاه على فمي . رواه مسلم،

**HADIA CSE Khutba Notes (18.01.2019)**

സ്ത്രീ ശാക്തീകരണം മുസ്‌ലിമിന്റെ നിലപാട്

وتقول أم المؤمنين ميمونة رضي الله عنها: كان رسول الله ـ صلى الله عليه وسلم ـ يضطجع معي وأنا حائض، وبيني وبينه ثوْب، رواه مسلم


**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in
**For any clarification: Mob: 9447418451**